(ബി) യാത്രാബത്ത ഉപയോഗിച്ച് യാത്ര ചെയ്തത് എവിടെയെല്ലാമാണെന്നും എന്തെല്ലാം ആവശ്യങ്ങൾക്കാണ് യാത്ര ചെയ്തതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ. ബാലകൃഷ്ണൻ നായർ ഐ.പി.എസ്.-ന്റെ 2003 ഏപ്രിൽ മാസത്തെ യാത്രാബത്ത 800 രൂപയും മെയ് മാസത്തെ യാത്രാബത്ത 750 രൂപയുമാണ്. 31-5-2003-ൽ പ്രസ്തുത ഓഫീസർ സർവ്വീസിൽ നിന്നും വിരമിച്ചതിനെത്തുടർന്ന് ജൂൺമാസം മുതൽ കെ. എ. പി. 1 ബറ്റാലിയൻ കമാണ്ടന്റ് ശ്രീ. വി. വി. മോഹനൻ മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടിന്റെ അധിക ചുമതല വഹിച്ച് വരികയാണ്. ഇദ്ദേഹം യാത്രാബത്ത വാങ്ങിയിട്ടില്ല.

(ബി) ജില്ലയ്ക്കുള്ളിൽ നൈറ്റ് പട്രോൾ, സ്റ്റേഷൻ സന്ദർശനം, കേസിന്റെ സംഭവ സ്ഥലസന്ദർശനം, മന്ത്രിമാരുടെ സന്ദർശനത്തോടനുബന്ധിച്ചുള്ള ക്രമീകരണം, ക്രമസമാധാന പരിപാലന ഡ്യൂട്ടി എന്നിവയ്ക്കും ജില്ലയ്ക്ക് പുറത്ത് ഡി.ഐ.ജി.-യുടെ മാസംതോറുമുള്ള മീറ്റിങ്ങിൽ പങ്കെടുക്കുന്നതിനും പോലീസ് ഗെയിംസിനോടനുബന്ധിച്ചുമാണ് യാത്ര ചെയ്തിട്ടുള്ളത്.

കൊല്ലം ജില്ലയിലെ വിവിധ സ്റ്റേഷനുകളിലെ ഒഴിവുകൾ നികത്താൻ നടപടി

43 [5186] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിവിധ സ്റ്റേഷനുകളിൽ ആവശ്യത്തിനുള്ള പോലീസുകാരില്ലാത്തപ്പോഴും സ്റ്റേഷനുകളിലും ക്യാമ്പിലും ഉള്ള ഒഴിവുകൾ നികത്തുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വരുന്ന മൂന്ന് മാസത്തിനകം 80-ൽപരം പോലീസുകാർ റിട്ടയർ ചെയ്യുന്നതുകാരണം കൂടുതൽ വേക്കൻസികൾ നികത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) തെന്മല, പുനലൂർ, കുളത്തൂപുഴ, അഞ്ചൽ, ആയൂർ, പത്തനാപുരം തുടങ്ങിയ സ്ഥലങ്ങളിലെ സ്റ്റേഷൻ ഡ്യൂട്ടിക്കായി കൊല്ലം എ. ആർ. ക്യാമ്പിൽ നിന്ന് പോലീസുകാരെ കിട്ടാറില്ലാത്തതുകൊണ്ട് ഈ പ്രദേശം ഉൾപ്പെടുത്തി റൂറൽ എ. ആർ. ക്യാമ്പ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്റ്റേഷനുകളിലും ക്യാമ്പിലും ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അവ നികത്താറുണ്ട്.

(സി) ഉത്തരം (ബി)യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ടി സ്ഥലങ്ങളിൽ എ.ആർ. ക്യാമ്പിൽ നിന്നും ആവശ്യമായ പോലീസുകാരെ ഡ്യൂട്ടിക്കായി അയയ്ക്കാറുണ്ട്. റൂറൽ എ. ആർ. ക്യാമ്പ് സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾ

44 [5187] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകളാണ് സംസ്ഥാനത്ത് നിലവിലുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) വയനാട്, കോഴിക്കോട് ജില്ലകളിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾക്കാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തത് എന്ന് വിശദമാക്കാമോ;

(സി) ഇവയ്ക്ക് കെട്ടിടമുണ്ടാക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടിയെക്കുറിച്ച് വിശദമാക്കാമോ;

(ഡി) വയനാട് ജില്ലയിൽ കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടത്തിനായി സ്ഥലം ഏറ്റെടുക്കാൻ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പ്രൊപ്പോസലുകൾ ഡി.ജി.പി.-ക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 85 പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടമില്ല.

(ബി) വയനാട് ജില്ല: തലപ്പുഴ, പടിഞ്ഞാറെത്തറ

കോഴിക്കോട് ജില്ല: ബേപ്പൂർ, കൊയിലാണ്ടി, മേപ്പയൂർ, കൊടുവള്ളി, തൊട്ടിൽപാലം, പെരുവണ്ണാമൂഴി, വളയം, നാദാപുരം എന്നീ പോലീസ് സ്റ്റേഷനുകൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു. വളയം, നാദാപുരം പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തലപ്പുഴ പോലീസ് സ്റ്റേഷൻ കെട്ടിടം പണി ആരംഭിക്കുന്നതാണ്. സ്വന്തമായി സ്ഥലമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് സ്ഥലം അക്വയർ ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ പോലീസ് സ്റ്റേഷൻ കെട്ടിടത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് ജില്ലാ പോലീസ് സൂപ്രണ്ടിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. സ്ഥലം എടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly